**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1007** **10-08-2023 - ൽ മറുപടിയ്ക്ക്**

**ഫോറസ്റ്റ് സ്റ്റേഷനുകളിലെ വിവിധ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ എത്ര ഫോറസ്റ്റ് സ്റ്റേഷനുകളാണ് പുതിയതായി അനുവദിച്ചിട്ടുള്ളത്; ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ; | (എ) | കഴിഞ്ഞ പത്ത് വർഷക്കാലയളവിനുള്ളിൽ വനം വകുപ്പിൽ രൂപീകരിച്ച ഫോറസ്റ്റ് സ്റ്റേഷനുകളുടെ വിശദാംശം അനുബന്ധം- (എ) ആയി ചേർക്കുന്നു. അതിനു പുറമേ തൃശ്ശൂർ ഡിവിഷനിലെ 10 ഫോറസ്റ്റ് സ്റ്റേഷനുകളും പീച്ചി വൈൽഡ് ലൈഫ് ഡിവിഷനിലെ 1 ഫോറസ്റ്റ് സ്റ്റേഷനും ഉൾപ്പെടെ 11 ഫോറസ്റ്റ് സ്റ്റേഷനുകൾ 12 ഫോറസ്റ്റ് സ്റ്റേഷനുകൾ ആക്കി റീ-ഓർഗനൈസ് ചെയ്ത് 17/11/2021-ലെ സ.ഉ.(എം.എസ്) നമ്പർ 25/2021/വനം പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | ഓരോ ഫോറസ്റ്റ് സ്റ്റേഷനിലും അനുവദിച്ച തസ്തികകളുടെ വിവരം തസ്തിക തിരിച്ച് നൽകാമോ; | (ബി) | അനുബന്ധം -(എ) യിൽ ചേർത്തിട്ടുള്ള 1 മുതൽ 5 സ്റ്റേഷനിലേക്ക് 3 ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർ, 3 സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ, 40 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ, 3 ക്ലാർക്ക് എന്നിങ്ങനെ 49 തസ്തികകളും, 6 മുതൽ 15 വരെയുള്ള സ്റ്റേഷനുകളിലേയ്ക്ക് 10 ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർ, 40 സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ, 29 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ, 10 ഡ്രൈവർമാർ, 10 പാർട്ട് ടൈം സ്വീപ്പർമാർ എന്നിങ്ങനെ 99 തസ്തികകളും അടക്കം ആകെ 148 തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത ഫോറസ്റ്റ് സ്റ്റേഷനുകളിൽ ഡ്രൈവർ തസ്തിക അനുവദിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്റ്റേഷനുകളിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | അനുബന്ധം (എ) ചേർത്തിട്ടുള്ള ക്രമ നമ്പർ 6 മുതൽ 15 വരെയുള്ള 10 ഫോറസ്റ്റ് സ്റ്റേഷനുകളിലേയ്ക്ക് 10 ഫോറസ്റ്റ് ഡ്രൈവർ തസ്തിക അനുവദിച്ചിട്ടുണ്ട്. എന്നാൽ, ക്രമ നമ്പർ 1 മുതൽ 5 വരെയുള്ള ഫോറസ്റ്റ് സ്റ്റേഷനുകളിലേയ്ക്കു ഡ്രൈവർ തസ്തികകൾ അനുവദിച്ചിട്ടില്ല. വയനാട് ജില്ലയിൽ ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കുന്നതിന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സമർപ്പിച്ച ശിപാർശ സർക്കാരിന്റെ പരിശോധനയിലാണ്. മേൽ ശിപാർശയിൽ ക്രമ |

| | | | |
|---|---|---|---|
| | | | നമ്പർ 1 മുതൽ 5 വരെയുള്ള ഫോറസ്റ്റ് സ്റ്റേഷനുകൾ ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം എ

| ക്രമ നമ്പർ | സ്റ്റേഷന്റെ പേര് | ജില്ല | ഡിവിഷൻ |
|---|---|---|---|
| 1. | മുത്തങ്ങ ഫോറസ്റ്റ് സ്റ്റേഷൻ | വയനാട് | വയനാട് വൈൽഡ് ലൈഫ് ഡിവിഷൻ |
| 2. | തോട്ടാമൂല ഫോറസ്റ്റ് സ്റ്റേഷൻ | വയനാട് | |
| 3. | കുപ്പാടി ഫോറസ്റ്റ് സ്റ്റേഷൻ | വയനാട് | |
| 4. | തോൽപ്പെട്ടി ഫോറസ്റ്റ് സ്റ്റേഷൻ | വയനാട് | |
| 5. | ഇരുളം ഫോറസ്റ്റ് സ്റ്റേഷൻ | വയനാട് | സൗത്ത് വയനാട് |
| 6. | പുന്നല ഫോറസ്റ്റ് സ്റ്റേഷൻ | കൊല്ലം | പുനലൂർ |
| 7. | എഴംകുളം ഫോറസ്റ്റ് സ്റ്റേഷൻ | കൊല്ലം | പുനലൂർ |
| 8. | കടമാൻപാറ ഫോറസ്റ്റ് സ്റ്റേഷൻ | കൊല്ലം | തെന്മല |
| 9. | കുംഭാവുരുട്ടി ഫോറസ്റ്റ് സ്റ്റേഷൻ | കൊല്ലം | അച്ചൻകോവിൽ |
| 10. | കക്കയം ഫോറസ്റ്റ് സ്റ്റേഷൻ | കോഴിക്കോട് | കോഴിക്കോട് |
| 11. | പെരുവണ്ണാമുഴി ഫോറസ്റ്റ് സ്റ്റേഷൻ | കോഴിക്കോട് | കോഴിക്കോട് |
| 12. | പുൽപ്പള്ളി ഫോറസ്റ്റ് സ്റ്റേഷൻ | വയനാട് | സൗത്ത് വയനാട് |
| 13. | വൈത്തിരി ഫോറസ്റ്റ് സ്റ്റേഷൻ | വയനാട് | സൗത്ത് വയനാട് |
| 14. | മുണ്ടക്കൈ ഫോറസ്റ്റ് സ്റ്റേഷൻ | വയനാട് | സൗത്ത് വയനാട് |
| 15. | നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷൻ | കണ്ണൂർ | ആറളം വൈൽഡ് ലൈഫ് ഡിവിഷൻ |

Noushad. S

സെക്ഷൻ ഓഫീസർ